# കേരളസംസ്ഥാനബാലാവകാശസംരക്ഷണ കമ്മീഷൻ

ടി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ., തിരുവനന്തപുരം - 695 034
ഫോൺ : 0471-2326603 ഇ-മെയിൽ :childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


നം.06/എ2/2013/കേ.സം.ബാ.സം.ക. തീയതി : 28/07/2025

## ലേല നോട്ടീസ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതും കമ്മീഷൻ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതുമായ KL-01-BP-1262 നമ്പർ മാരുതി സുസുക്കി SX4 ZDI 2013 മോഡൽ ഡീസൽ കാർ ക്വട്ടേഷൻ/ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. കമ്മീഷൻ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടത്തുന്ന പരസ്യ ലേലത്തിൽ വ്യക്തികൾക്കും/ സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന /ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും ലേലത്തിന് നിരത ദ്രവ്യ തുകയായ 1500/- രൂപ കമ്മീഷനിൽ ലേലം ആരംഭിക്കുന്നതിനു അര മണിക്കൂറിന് മുമ്പായി കെട്ടിവെയ്ക്കേണ്ടതാണ്. ലേലം കൈക്കൊള്ളുന്നയാൾ/ സ്ഥാപനം ലേലം ഉറപ്പിച്ച ഉടൻ തന്നെ 18% നികുതി ഉൾപ്പടെയുള്ള ലേലതുക മുഴുവനായും കെട്ടിവയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിശ്ചിത നിരത ദ്രവ്യം ഉള്ളടക്കം ചെയ്ത് ആലേഖനം ചെയ്ത കവറിൽ ലേല തീയതിയുടെ തലേദിവസം ഉച്ചകഴിഞ്ഞ് 3 മണിയ്ക്കകം ഈ ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ നേരിട്ടോ/തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തി ആയാലുടൻ ക്വട്ടേഷൻ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ലേലം വിളിച്ചയാളുടെ പേർക്ക് ക്വട്ടേഷൻ/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, അടുത്ത കമ്മീഷൻ യോഗത്തിൽ പ്രസ്തുത ലേലം അംഗീകരിക്കുന്നതുമാണ്. ലേലം അംഗീകരിച്ചതിനു ശേഷം ക്വട്ടേഷൻ/ലേലം കൊള്ളുന്നതയാൾ വാഹനം തന്റെ പേരിലേയ്ക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മാറ്റി 15 ദിവസത്തിനുള്ളിൽ ലേല വസ്തു ആഫീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയവ പുനർ ലേലത്തിന് വിധേയമാക്കുന്നതും ആയതിനുവേണ്ടി വരുന്ന ചെലവും നഷ്ടമുണ്ടാകുന്ന പക്ഷം ആയതും ക്വട്ടേഷൻ / ലേലം കൈക്കൊള്ളുന്നയാളിൽ /സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും. ക്വട്ടേഷൻ/ലേലം പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കമ്മീഷൻ

സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷന്/ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് (രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ) സൗകര്യമുണ്ടായിരിക്കുന്നതാണ്.

**ലേലം ചെയ്യുന്ന വാഹനത്തിന്റെ വിവരങ്ങൾ**

- രജിസ്ട്രേഷൻ നമ്പർ - KL-01-BP-1262
- മോഡൽ - മാരുതി സുസുക്കി SX4 ZDI 2013 ഡീസൽ കാർ
- അടിസ്ഥാന ലേലതുക (ബേസിക് ഓക്ഷൻ വാല്യൂ) - 1,10,000/- + 18% GST
- നിരത ദ്രവ്യ തുക - 1500/- (1%)
- ലേലം നടത്തുന്ന തീയതിയും സ്ഥലവും സമയവും - 2025 ആഗസ്റ്റ് 12, 11.30 am., സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് T.C.27/2980, വാൻ റോഡ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-695 034.
- ലേലത്തിൽ പങ്കെടുക്കുന്നവർ 12/08/2025 തീയതി രാവിലെ 11 മണിക്കകം നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.
- ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും - 11/08/2025, 5 pm.
- ലേല വസ്തു സൂക്ഷിച്ചിട്ടുള്ള സ്ഥലം - ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് പരിസരം.

**ലേല വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
2. നിരത ദ്രവ്യ തുക അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
3. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന /സമർപ്പിക്കുന്ന ആളിന്റെ/ സ്ഥാപനത്തിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും കമ്മീഷൻ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.
4. ലേലം തക്കതായ കാരണത്താൽ മാറ്റി വയ്ക്കുന്നതിനോ നിർത്തി വയ്ക്കുന്നതിനോ ലേലം നടത്തുന്ന ആൾക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ അറിയാവുന്നതാണ്.

6. ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ/സ്ഥാപനം 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കമ്മീഷൻ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
7. ലേലം അംഗീകരിച്ചതിനു ശേഷം ടി വസ്തു ലേലം കൊണ്ടയാൾ/സ്ഥാപനം സ്വന്തം ചെലവിൽ 15 ദിവസത്തിനം നീക്കം ചെയ്യേണ്ടതാണ്.
8. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും ആയതു മൂലം ഉണ്ടാകുന്ന നഷ്ടംടി വ്യക്തിയിൽ/ സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമാണ്.
9. ലേലത്തിൽ പങ്കെടുക്കുന്നവർ കമ്മീഷൻ പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ലേല വസ്തു നേരിൽകണ്ട് ബോധ്യപ്പെടേണ്ടതാണ്.

(ഒപ്പ്/-)
സെക്രട്ടറി